## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി

3112 ശ്രീ. കെ. അച്ചുതൻ
'' കെ. മുരളീധരൻ
'' ഹൈബി ഈഡൻ
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാമാറ്റത്തിന്റെ ഫലമായി കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഈ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കൃഷിയോഗ്യമായ തരിശുഭൂമി ഉപയോഗപ്പെടുത്താൻ നടപടി</u>

3113

ശ്രീ. കെ. എം. ഷാജി
,, കെ. എൻ. എ. ഖാദർ
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിയോഗ്യമായ തരിശുഭൂമി എത്രത്തോളമുണ്ടെന്നതിന്റെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) കൃഷിഭൂമികൾ മന:പൂർവ്വം തരിശിട്ട് ക്രമേണ നികത്തിയെടുത്ത്, കാർഷികേതര പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന പ്രവണത വ്യാപകമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു തടയാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) കൃഷിയോഗ്യമായ എല്ലാ തരിശുഭൂമികളുടെയും വിവരങ്ങൾ കൃഷിഭവനുകളുടെ അടിസ്ഥാനത്തിൽ ശേഖരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം

3114

ശ്രീ. എം. ഹംസ
,, പുരുഷൻ കടലുണ്ടി
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയെ തുടർന്ന് സംസ്ഥാനത്താകെ ഇതു വരെ ഓരോ ജില്ലയിലും എത്ര രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ കൃഷി നാശം ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കൃഷിനാശത്തിന് ആനുപാതികമായ സഹായധനം കർഷകർക്ക് നൽകുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കാർഷിക പ്രതിസന്ധി</u>

3115 ശ്രീ. സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, കെ. രാജു
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക പ്രതിസന്ധി പരിഹരിക്കണമെന്നും വരൾച്ചയിൽ നിന്ന് കർഷകരേയും ജനങ്ങളേയും രക്ഷിക്കണമെന്നും ആവശ്യപ്പെട്ട് കിസാൻസഭ സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിവേദനത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഇക്കാര്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കാര്‍ഷിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളികള്‍</u>

3116 ശ്രീ. എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളികള്‍ എന്തെല്ലാമാണ്;

(ബി) ഭക്ഷ്യവിളകളുടെ കൃഷി വ്യാപിപ്പിക്കുവാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കിയ പ്രതിസന്ധി

3117 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്തെ കാര്‍ഷിക രംഗത്ത് ഉണ്ടാക്കിയ പ്രതിസന്ധികള്‍ അതിജീവിക്കാന്‍ നടപ്പാക്കിയ പദ്ധതികള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മഴക്കുറവ് മൂലമുളള വരള്‍ച്ചയില്‍ ഈ സാമ്പത്തിക വര്‍ഷത്തില്‍ എത്ര കൃഷിനാശം ഉണ്ടായിട്ടുണ്ടെന്നും അതിനായി എത്ര തുക നഷ്ടപരിഹാരം അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) വരള്‍ച്ചമൂലം കൃഷിനാശം സംഭവിച്ചവര്‍ക്ക് നല്‍കുന്നതിനായി കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭം മൂലമുള്ള കാർഷിക നഷ്ടങ്ങൾക്ക് നഷ്ടപരിഹാരം</u>

3118

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങൾ, കാലവർഷക്കെടുതികൾ എന്നിവ മൂലം നാശനഷ്ടങ്ങൾ സംഭവിക്കുന്ന കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാര നിരക്ക് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള നഷ്ടപരിഹാര തുക ഇന്നത്തെ സാഹചര്യത്തിൽ കുറവാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലമുള്ള കൃഷിനാശം</u>

3119 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം കൃഷിനാശം സംഭവിച്ചതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത്തരം പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണു സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം യഥാസമയം നൽകുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>നാളികേര കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി</u>

3120 ശ്രീ.റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി അകറ്റുന്നതിന് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) നീരയുടെ ഉല്പാദനം, വിപണനം, കയറ്റുമതി സാധ്യതകൾ, നീരയിൽ മായം ചേർക്കുന്നതിനുള്ള സാധ്യതകൾ എന്നിവയെ കുറിച്ച് പഠനം നടത്തുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തനം ആരംഭിച്ചുവോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത ഉന്നതതല കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കാൻ സമയ പരിധി അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>നാളികേരത്തിന്റെ വിലയിടിവ് തടയാൻ നടപടി</u>

3121 ശ്രീ. എം. ചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012ൽ നാളികേരത്തിന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച തറവില കേരകർഷകർക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) നാളികേരത്തിന്റെ വിലയിടിവ് മൂലം സംസ്ഥാനത്തെ നാളികേര കർഷകർക്കുണ്ടായ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഈ വർഷവും നാളികേരത്തിന്റെ വിലയിടിവ് തുടരാതിരിക്കാൻ സബ്സിഡി നൽകി വെളിച്ചെണ്ണ പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരത്തിലൊരു തീരുമാനം കൈക്കൊള്ളുന്നതിന് സർക്കാരിന് മുമ്പിലുള്ള പ്രതിബന്ധങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

കൃഷി ഭവനുകൾ വഴിയുള്ള നാളികേര സംഭരണം

3122 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾ വഴി നാളികേരം സംഭരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>തെങ്ങുകൃഷി വികസനം</u>

3123 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് തെങ്ങുകൃഷി വികസനത്തിനു കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ;

(ബി) രോഗപ്രതിരോധ ശേഷിയും അത്യുല്‍പാദന ശേഷിയുമുള്ള തെങ്ങിന്‍ തൈകള്‍ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിപ്രകാരം തെങ്ങുകള്‍ വെട്ടിമാറ്റി പുതിയ തൈകള്‍ വയ്ക്കുന്നതിന് നല്‍കുന്ന ധനസഹായം എത്രയാണെന്നും ഓരോ ജില്ലയിലും ഇതിനായി എവിടെയാണ് സമീപിക്കേണ്ടതെന്നും അറിയിക്കുമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>ക്രൊപ്രാ സംഭരണം</u>

3124 ശ്രീ. പാലോട് രവി
,, അന്‍വര്‍ സാദത്ത്
,, ആര്‍. സെല്‍വരാജ്
,, എം. പി. വിന്‍സന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

കൊപ്രാ സംഭരിക്കുന്നതിന് ഭരണതലത്തില്‍ എന്തെല്ലാം സംവിധാനങ്ങള്‍ ഏര്‍പ്പെടുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കൃഷിമേഖലയിൽ പ്രഖ്യാപിച്ച പദ്ധതികൾ</u>

3125 ശ്രീ. ജെയിംസ് മാത്യു
,, എ. പ്രദീപ്കുമാർ
,, എം. ചന്ദ്രൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകളിൽ നിന്ന് കൃഷിക്കാർക്ക് അർഹമായ സേവനങ്ങൾ യഥാസമയം ലഭ്യമാക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ വീഴ്ചകൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിൽ ജാഗ്രത കാണിക്കാൻ തയ്യാറാകുമോ ;

(സി) പദ്ധതികളുടെ ഗുണഫലം ഗുണഭോക്താക്കൾക്ക് യഥാസമയം ലഭിക്കാതിരിക്കുന്നതുമൂലം കൃഷിക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കൃഷിഭവനുകളെ സജീവമാക്കാനും പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>വയനാട്ടിലെ കാർഷിക വികസന പദ്ധതികൾ</u>

3126 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ഇ. കെ. വിജയൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ കേന്ദ്ര ഗവൺമെന്റ് എന്തെല്ലാം കാർഷിക വികസന പദ്ധതികൾ ആണ് നടപ്പിലാക്കുന്നത് ; ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുക എത്രയാണ് ;

(ബി) ഓരോ പദ്ധതിയും പൂർത്തിയാക്കുന്നതിനായി എത്ര രൂപയാണ് ചെലവഴിക്കുന്നത് ; ഇതിൽ കേന്ദ്രത്തിന്റെ വിഹിതം എത്ര ; സംസ്ഥാനത്തിന്റെ വിഹിതം എത്ര ;

(സി) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം വയനാട്ടിൽ എത്ര കർഷകർ ആത്മഹത്യ ചെയ്തു ; അവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>കമുക് കർഷകർക്കായി പദ്ധതികൾ</u>

3127 ശ്രീ. മുല്ലക്കര രത്നാകരൻ
,, വി.എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
,, ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമുക് കർഷകർക്കായി എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്ക്കരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ബി) കഴിഞ്ഞ ബഡ്ജറ്റിൽ കമുക് കർഷകരെ സഹായിക്കുന്നതിനായി വകയിരുത്തിയ 10 കോടി രൂപ ഇതിനകം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക നൽകുന്നതിന് ഉണ്ടായ കാലതാമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന വിവിധക്ഷേമ പദ്ധതികളുടെ പ്രവര്‍ത്തനം</u>

3128 ശ്രീ. ബാബു എം. പാലിശ്ശേരി
,, സാജു പോള്‍
,, പി. റ്റി. എ. റഹീം
,, കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷിവകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികളുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ; പദ്ധതികളിലൂടെയുള്ള ധനസഹായതുക കാലികമായി വര്‍ദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ അതിന് തയ്യാറാകുമോ;

(ബി) നിലവിലുള്ള പദ്ധതികള്‍ ഓരോന്നിനും യഥാര്‍ത്ഥത്തില്‍ അര്‍ഹതയുള്ള എല്ലാ കൃഷിക്കാര്‍ക്കും ലഭ്യമാക്കാന്‍ അടുത്ത സാമ്പത്തികവര്‍ഷം (2013-14) എന്തു തുക വീതം വേണ്ടിവരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഓരോ പദ്ധതിയ്ക്കും 2013-14 വര്‍ഷത്തെ ബജറ്റില്‍ വകയിരുത്തപ്പെട്ട തുക എത്ര വീതം; ഓരോ പദ്ധതിയുടെ കാര്യത്തിലും എത്ര ശതമാനം കുറവ് നേരിട്ടിട്ടുണ്ട് ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>വരൾച്ച നേരിടുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ</u>

3129 ശ്രീ. എം. എ. ബേബി
,, ബി. സത്യൻ
,, സാജു പോൾ
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിച്ചതിനു ശേഷം സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) വരൾച്ചയെ അഭിമുഖീകരിക്കുവാൻ ഹ്രസ്വകാല ദീർഘകാല പദ്ധതികൾ അടങ്ങുന്ന പാക്കേജ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിലുള്ള രീതിയിൽ നിന്നും വ്യത്യസ്തമായി വിളകളുടെ നഷ്ടം കണക്കാക്കുന്നതിന് ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തുന്ന രീതി സ്വീകരിക്കാൻ തയ്യാറാകുമോ;

(ഡി) സംസ്ഥാനത്തെ വരൾച്ചയെ സംബന്ധിച്ച് പഠിക്കാൻ എത്തിയ കേന്ദ്രസംഘത്തിന് മുന്നിൽ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചു?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കൃഷിത്തോട്ടങ്ങളുടെ പ്രവർത്തനം</u>

3130 ശ്രീ. ഇ. പി. ജയരാജൻ
,, പുരുഷൻ കടലുണ്ടി
,, ജി. സുധാകരൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൻ കീഴിലുള്ള കൃഷിത്തോട്ടങ്ങളുടെ പ്രവർത്തനം കൃഷിക്കാർക്ക് എന്തുമാത്രം പ്രയോജനകരമാകുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; അവയുടെ നിക്ഷേപ പ്രയോജന വിശകലനം വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്തെ കൃഷിത്തോട്ടങ്ങളുടെ സാധ്യതകളും ഉപയോഗവും വിശദമാക്കാമോ ;

(സി) നിലവിലുള്ള തോട്ടങ്ങൾ ഓരോന്നിന്റെയും സാധ്യതയുടെ എത്ര ശതമാനം ഭൗതിക നേട്ടം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്; വിശദാമാക്കാമോ ;

(ഡി) ഓരോ പ്രദേശത്തെയും കർഷകർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കാൻ സാധ്യമാകുന്നുണ്ടോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കുരുമുളകിന്റെയും ഏലത്തിന്റെയും വിലയിടിവ്
നേരിടുന്നതിന് നടപടി</u>

3131 ശ്രീ. രാജു എബ്രഹാം
,, എസ്. രാജേന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുരുമുളകിന്റെയും ഏലത്തിന്റെയും വിലയിടിവു മൂലം മലയോര മേഖലയിലെ ചെറുകിട കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലയിടിവിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വിലയിടിവ് നേരിടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

യന്ത്രലോബികളുടെ ചൂഷണം

3132 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ജി. സുധാകരൻ
,, സി. കെ. സദാശിവൻ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയ്ത്ത് യന്ത്രങ്ങളുടെ ദൗർലഭ്യം മൂലം കുട്ടനാട്ടിലെ ഏക്കറുകൾ വരുന്ന പാടശേഖരത്തെ നെല്ല് വീണു നശിക്കാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യന്ത്രങ്ങളുടെ ദൗർലഭ്യം ഉണ്ടാകുവാനിടയായ സാഹചര്യമെന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഈ സാഹചര്യം മുതലെടുത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവർ ഉൾപ്പെടെയുള്ള യന്ത്രലോബികൾ കർഷകരെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കാൻ സ്വീകരിച്ച നടപടി എന്തൊക്കെയായിരുന്നു ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

അണുവള പ്രയോഗം പ്രോത്സാഹിപ്പിക്കാൻ നടപടി

3133 ശ്രീ. കെ. എൻ. എ. ഖാദർ
,, കെ. എം. ഷാജി
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ കാര്യത്തിൽ അണുവളങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ഗവേഷണങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ അതിൽ നിന്നുള്ള അനുഭവ പാഠങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പരമ്പരാഗത രീതിയിലെ അണുവളപ്രയോഗം പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) അണുവള നിർമ്മാണവും, ഉപയോഗവും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൃഷി വികാസ് യോജന</u>

3134 ശ്രീ. ബെന്നി ബെഹനാൻ
'' ജോസഫ് വാഴക്കൻ
'' വി. ഡി. സതീശൻ
'' കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയനുസരിച്ച് സബ്സിഡിയോടെ ജനശ്രീയുടെ ആഭിമുഖ്യത്തിൽ ജൈവ ബസാറുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതി നടത്തിപ്പിനായി എന്തെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൃഷിവികാസ് യോജന</u>

3135 ശ്രീ. എ. കെ. ബാലൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എ. പ്രദീപ്കുമാർ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) 2012-13 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് 2012-13 വർഷം ഭരണാനുമതി നൽകിയ ആകെ തുക എത്ര; അതിൽ പദ്ധതിനിർവ്വഹണം പൂർത്തീകരിച്ചവ എത്ര ശതമാനം;

(സി) കുടുംബശ്രീയ്ക്ക് പുറത്ത് ഏതെല്ലാം ഏജൻസികൾക്ക് ഏതെല്ലാം പദ്ധതികൾക്ക് എന്തു തുക വീതം അനുവദിക്കുകയുണ്ടായി; ആകെ തുകയുടെ എത്ര ശതമാനം ഓരോ ഏജൻസിയ്ക്കും അനുവദിക്കുകയുണ്ടായി;

(ഡി) പ്രസ്തുത പദ്ധതിക്ക് 2012-13 ൽ കേന്ദ്രം അനുവദിച്ച തുകയിൽ വിനിയോഗിക്കാതെയുള്ള തുക എത്ര?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൃഷി വികാസ് യോജന</u>

3136

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന നിലവിൽ വന്നത് എന്നാണ്; ഏതെല്ലാം കൃഷികൾക്കാണ് ഫണ്ട് അനുവദിക്കുന്നത്; അറിയിക്കാമോ;

(ബി) ഒരു ഹെക്ടറിന് മുമ്പും ഇപ്പോഴും എത്ര ഫണ്ടാണ് അനുവദിക്കുന്നത്;

(സി) ഇപ്പോൾ ഫണ്ട് കുറഞ്ഞിട്ടുണ്ടോ; എങ്കിൽ കാരണം എന്താണ് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കാർഷിക വികസന നയം</u>

3137 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വികസന നയം രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) കാർഷികവൃത്തിയിൽ നിന്നും കർഷകർ പിൻമാറുന്നത് തടയാനും യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനുമായി എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിക്കും എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>സംയോജിത കാർഷിക വികസന പദ്ധതി</u>

3138 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷയ്ക്കായി 2012-13 ബജറ്റിൽ പ്രഖ്യാപിച്ച സംയോജിത കാർഷിക വികസന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയോ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്കായി നടപ്പുവർഷം ബജറ്റിൽ നീക്കി വച്ച തുകയിൽ എത്ര ചെലവഴിച്ചു;

(ഡി) ഈ പദ്ധതിയിലൂടെ ഏതെല്ലാം കാർഷിക വിഭവങ്ങളുടെ ഉൽപ്പാദനമാണ് വർദ്ധിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം</u>

3139 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും സ്റ്റേഷനറിയും അച്ചടിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ തൊഴിലാളിക്ഷാമം പരിഹരിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്കിൽ തൊഴിൽസേനയും കാർഷിക സേവനകേന്ദ്രങ്ങളും രൂപവത്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കർഷക ആത്മഹത്യ</u>

3140 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക ആത്മഹത്യ സംബന്ധിച്ച് കേന്ദ്ര സർക്കാരിന് അവസാന റിപ്പോർട്ട് നൽകിയത് എന്നായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) റിപ്പോർട്ട് നൽകിയതിന് ശേഷം കേരളത്തിൽ ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ആത്മഹത്യകളെ സംബന്ധിച്ച വിവരങ്ങൾ യഥാസമയം കേന്ദ്രസർക്കാരിനെ അറിയിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ ഉത്തരവാദിത്തം ആർക്കെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര കർഷക ആത്മഹത്യകൾ നടന്നു, ജില്ല തിരിച്ച് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കാര്‍ഷികാദായ നഷ്ടം</u>

3141 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് രൂപപ്പെട്ട കടുത്ത വരള്‍ച്ചയെ തുടര്‍ന്ന് എത്ര കര്‍ഷകര്‍ക്ക് എത്ര തുകയുടെ കാര്‍ഷികാദായ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്താമോ;

(ബി) കാര്‍ഷികാദായ നഷ്ടം സംഭവിച്ച എത്ര കര്‍ഷകര്‍ക്ക് എത്ര തുക വീതം ഇതിനകം ധനസഹായം നല്‍കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ഗ്രീന്‍ ഹൗസ് പദ്ധതി

3142 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷിവകുപ്പ് മുഖേന പഞ്ചായത്തുകളില്‍ നടപ്പിലാക്കുന്ന ഗ്രീന്‍ ഹൗസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോള്‍ ഏതൊക്കെ പഞ്ചായത്തുകളില്‍ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ഗ്രീൻ ഹൗസുകൾ</u>

3143 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ ബഡ്ജറ്റിൽ കൃഷി വകുപ്പ് മുഖേന ഗ്രീൻഹൗസുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം ഉണ്ടായിരുന്നുവോ എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ഗ്രീൻ ഹൗസുകൾ എവിടെയെല്ലാം തുടങ്ങിയെന്നും എത്ര ഉത്പാദനം നടത്തിയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>നെൽവയലുകൾ നികത്തൽ നടപടി</u>

3144 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വ്യാപകമായി നെൽവയലുകൾ നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെൽവയലുകൾ നികത്തുന്നതിനെതിരെ എന്തെല്ലാം നടപടികൾ ആണ് കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ;

(സി) നെൽവയൽ നികത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ എടുക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി; വിശദാംശം ലഭ്യമാക്കുമോ;

(ഡി) തരിശായി കിടക്കുന്ന നെൽവയലുകളുടെ ഉടമസ്ഥന്മാർക്കെതിരെ 2011-2013 കാലയളവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിൽ എത്ര തരിശു നെൽപ്പാടങ്ങളിൽ കൃഷിയിറക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

നെൽകർഷകർക്ക് പെൻഷൻ

T 3145 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകളുടെ തുക വർദ്ധനവ് പരിഗണനയിലുണ്ടോ;

(ബി) നെൽ കർഷകർക്ക് നിലവിൽ പ്രത്യേക പെൻഷൻ അനുവദിക്കുന്നുണ്ടോ;

(സി) ഉൽപ്പാദിപ്പിക്കുന്ന നെല്ലിന്റെ അളവ് അനുസരിച്ച് പെൻഷൻ നൽകാൻ തയ്യാറാകുമോ ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>കുളങ്ങൾ, നീർച്ചാലുകൾ എന്നിവയുടെ നവീകരണം</u>

3146 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളങ്ങൾ, നീർച്ചാലുകൾ എന്നിവയുടെ നവീകരണം സംബന്ധിച്ച പ്രവൃത്തികൾക്കായി കൃഷി വകുപ്പിൽ എന്തെങ്കിലും പദ്ധതികളുണ്ടോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

കീടനാശിനി പ്രയോഗം കണ്ടെത്തുന്നതിനുള്ള സംവിധാനം

3147 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിതരണം ചെയ്യുന്ന പഴം, പച്ചക്കറികളിൽ വർദ്ധിച്ച തോതിലുള്ള കീടനാശിനി പ്രയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കീടനാശിനി പ്രയോഗം മൂലമുള്ള വിഷാംശങ്ങൾ രാസപരിശോധന മുഖേന കണ്ടെത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ സർക്കാർ തലത്തിൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>പച്ചക്കറി ക്ഷാമം പരിഹരിക്കുന്നതിന് പദ്ധതി</u>

3148 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ക്ഷാമം പരിഹരിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പച്ചക്കറി കൃഷിക്കായി കർഷകർക്ക് പുതുതായി എന്തെല്ലാം സഹായങ്ങളും പ്രോത്സാഹനങ്ങളുമാണ് നൽകാൻ ഉദ്ദേശിക്കുന്നത് ;

(സി) പച്ചക്കറിയുടെ സംഭരണവും വിപണനവും ഗുണനിലവാര പരിശോധനയും സംബന്ധിച്ച് പുതുതായി എന്തെങ്കിലും പദ്ധതി പരിഗണനയിൽ ഉണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ഗ്രാമീണ തലത്തിൽ പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം

3149 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തലത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പച്ചക്കറി ഉൽപാദനത്തിൽ മുൻകാലങ്ങളേക്കാൾ എത്രമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കാർഷിക ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിന് പുതുതായി ആവിഷ്കരിച്ച പരിപാടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

മട്ടുപ്പാവിൽ പച്ചക്കറികൃഷി പദ്ധതി

3150 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന മട്ടുപ്പാവിൽ പച്ചക്കറികൃഷി പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നുണ്ടോ; ഇല്ലെങ്കിൽ മുഴുവൻ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ഇ-പെയ്മെന്റ് സംവിധാനം

3151 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷി വകുപ്പില്‍ ഇ.പെയ്മെന്റ് സംവിധാനം നടപ്പിലാക്കുക വഴി എന്തെല്ലാം പ്രയോജനങ്ങളാണ് കര്‍ഷകര്‍ക്ക് ലഭ്യമാവുക എന്ന് വിശദമാക്കുമോ;

(ബി) ഈ സംവിധാനം നടപ്പിലാക്കുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സംവിധാനം നടപ്പിലാക്കുകവഴി കര്‍ഷകര്‍ക്ക് കൃഷി വകുപ്പ് മുഖേന നല്‍കിവരുന്ന സബ്സിഡികള്‍ ലഭിക്കുന്നതില്‍ കാലതാമസം വരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ കാലതാമസത്തിന് കാരണങ്ങള്‍ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) കാലതാമസം പരിഹരിക്കാന്‍ എന്തെങ്കിലും നടപടി സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കില്‍ നടപടികളുടെ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

പദ്ധതി നിർവ്വഹണ പുരോഗതി

3152 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ പദ്ധതി നിർവ്വഹണ പുരോഗതി ക്രമാനുഗതമായി കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) 2012 -13 വർഷത്തിൽ നെൽകൃഷി വികസനത്തിനായി എത്ര രൂപ വകയിരുത്തിയിരുന്നു; പ്രസ്തുത തുകയിൽ എത്ര ചെലവഴിച്ചു; വിശദാംശം നൽകാമോ;

(സി) കൃഷിവകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 2012-13 വർഷത്തെ ബഡ്ജറ്റിൽ നെൽകൃഷി വികസനത്തിനായി വകയിരുത്തിയിരുന്ന തുകയിൽ എത്ര ചെലവഴിച്ചു; എന്തെല്ലാം കാര്യങ്ങൾക്കാണ് തുക അനുവദിച്ചത്; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ഹോൾട്ടിക്കൾച്ചർ മിഷൻ</u>

3153 ശ്രീ. പി. കെ. ഗുരുദാസൻ
,, സി. കൃഷ്ണൻ
,, സി. രവീന്ദ്രനാഥ്
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോൾട്ടിക്കൾച്ചർ മിഷന്റെ ലക്ഷ്യവും ഇപ്പോഴത്തെ പ്രവർത്തനങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഗ്രീൻ ഹൗസ് ഹൈടെക്ക് ഫാമിംഗിന്റെ മുൻവർഷത്തെ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ;

(സി) ഗുണമേന്മയുളള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിപണനവും രംഗത്ത് പുതുതായി മിഷൻ ആവിഷ്ക്കരിച്ച പദ്ധതികളും പരിപാടികളും എന്താണ്;

(ഡി) ബജറ്റിൽ ഇതിനായി 2013-14 വർഷം അധികമായി വകയിരുത്തിയ തുക എത്ര; മുൻ വർഷം തുക എത്രയായിരുന്നു?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ഹോർട്ടികോർപ്പ് വഴി പച്ചക്കറി സംഭരണം</u>

3154 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം പാലക്കാട്ടെ പച്ചക്കറി കർഷകർ അർഹമായ വില ലഭിയ്ക്കാത്തതു കാരണം വിളവെടുത്ത നല്ലൊരു ശതമാനം പച്ചക്കറികൾ മണ്ണിൽ കുഴിച്ചു മൂടിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) വരുന്ന വർഷം ഈ സ്ഥിതി ഉണ്ടാവാതിരിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന വിവരം നൽകുമോ;

(സി) ഹോർട്ടികോർപ്പ് വഴി പ്രസ്തുത പച്ചക്കറികൾ മുഴുവൻ സംഭരിച്ച് സംഭരിക്കുമ്പോൾത്തന്നെ ആയതിന്റെ വിലയും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ഹോർട്ടികോർപിന്റെ പച്ചക്കറി സ്റ്റാളുകൾ</u>

3155 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറികളുടെ വില കുതിച്ചുയരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിലക്കയറ്റം നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വില നിയന്ത്രിക്കുവാൻ ഹോർട്ടികോർപ് വഴി പച്ചക്കറി വില്പന നടത്തുന്നുണ്ടോ;

(ഡി) സ്വകാര്യ വിപണിയേക്കാൾ വിലകൂട്ടി വിറ്റതിന്റെ ഭാഗമായി ഹോർട്ടികോർപിന്റെ സ്റ്റാളുകൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഹോർട്ടികോർപ്പിന് ആവശ്യമായ പച്ചക്കറികൾ എവിടെ നിന്നുമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

കേരഫെഡ് - എഫ്.ഐ.ടി. സംരംഭം

3156

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങിൻ തടി ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിനുമായി പ്രൈമറി പ്രോസസിങ്ങിനുവേണ്ടി കേരഫെഡ് - എഫ്.ഐ.ടി. സംരംഭത്തിനായി വകയിരുത്തിയ 5 കോടി രൂപയിൽ 2012-13 വർഷത്തിൽ ചെലവഴിച്ചതുകയെത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്കീം നടപ്പാക്കുന്നതിന് തിരുവനന്തപുരം ജില്ലയ്ക്കായി നീക്കിവച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്ര ശതമാനം നാളിതുവരെ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>അഗ്രോ - സൂപ്പര്‍ ബസാറുകള്‍</u>

3157

ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം അഗ്രോ - സൂപ്പര്‍ ബസാറുകള്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സൂപ്പര്‍ ബസാറുകളില്‍ നിന്നും വിതരണം ചെയ്യുന്ന സാധന സാമഗ്രികളുടെ വിവരങ്ങള്‍ നല്‍കാമോ;

(സി) എല്ലാ ജില്ലകളിലും അഗ്രോ - സൂപ്പര്‍ ബസാറുകള്‍ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ്</u>

3158 ശ്രീ. പി. തിലോത്തമൻ
,, കെ. അജിത്
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിലെ ഏതെല്ലാം പദ്ധതികൾക്ക്, എത്ര രൂപ വീതം ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാർ കുട്ടനാട് പാക്കേജിലെ ഓരോ പദ്ധതിക്കുമായി അനുവദിച്ച തുക എത്രയെന്നു വ്യക്തമാക്കുമോ;

(സി) ഡോക്ടർ എം. എസ്. സ്വാമിനാഥൻ എത്ര കോടി രൂപയുടെ പദ്ധതിയാണു ശുപാർശ ചെയ്തിട്ടുള്ളത്;

(ഡി) അതിന്റെ പുതുക്കിയ നിരക്ക് എത്രയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ്</u>

3159 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് രണ്ടാംഘട്ട പദ്ധതി വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണത്തിനുള്ള പദ്ധതികളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) രണ്ടാം ഘട്ടത്തിൽ എത്ര കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്ര സർക്കാരിന് നൽകിയത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

എം.പി.ഐ. അധീന ഭൂമി കൈമാറുന്നതിന് നടപടി

3160 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരപ്പള്ളിയിലെ എം.പി.ഐ.യുടെ കീഴിലുള്ള പതിനഞ്ച് ഏക്കർ സ്ഥലത്തിൽ 1 ഏക്കർ സ്ഥലം കോടശ്ശേരി-പരിയാരം കുടിവെള്ളപദ്ധതിയുടെ പ്ലാന്റ് നിർമ്മിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുന്നതിനായുള്ള അപേക്ഷയിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>അഗ്രോ ഇൻഡസ്ട്രീസിലെ ട്രാക്ടർ ഓപ്പറേറ്റർ നിയമനം</u>

3161 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലേക്ക് ട്രാക്ടർ ഓപ്പറേറ്റർ കം വർക്ക്ഷോപ്പ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിനായി 4 മാസമായി അഡ്വൈസ് മെമ്മോ ലഭിച്ചിട്ടും ഉദ്യോഗാർത്ഥികൾക്ക് നാളിതുവരെ നിയമനം ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും എവിടെയൊക്കെ എന്നും വ്യക്തമാക്കുമോ:

(സി) നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കൃഷി ഓഫീസർ നിയമനം</u>

3162

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ ഇളമ്മാട് കൃഷി ഭവനിൽ കഴിഞ്ഞ 8 മാസമായി കൃഷി ആഫീസർ ഇല്ലാത്തതിനാൽ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഒരു കൃഷി ഓഫീസറെ നിയമിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ തസ്തികകൾ</u>

3163

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചറൽ ഫീൽഡ് ഓഫീർമാരുടെ ആകെ എത്ര തസ്തികകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; ഇതി എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിക്കേണ്ടവരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കൃഷിവകുപ്പിലെ ഒഴിവുകൾ</u>

3164 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൃഷിവകുപ്പിൽ എത്ര ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) നിറവ് പദ്ധതി നടപ്പിലാക്കുന്ന മണ്ഡലങ്ങളിൽ എല്ലാ തസ്തികകളിലും ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

## കൃഷിവകുപ്പിലെ സ്ഥിരം ജീവനക്കാരുടെ ഒഴിവുകൾ

3165 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡല പരിധിയിലെ കൃഷി വകുപ്പിന്റെ ഓഫീസുകളിൽ ഏതൊക്കെ തസ്തികകളിൽ സ്ഥിരം ജീവനക്കാരുടെ ഒഴിവുകളുണ്ട്; വ്യക്തമാക്കുമോ:

(ബി) സ്ഥിരം ജീവനക്കാരുടെ ഒഴിവുകളിൽ താല്ക്കാലികമായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റുമാർക്ക് ജോബ് ചാർട്ട്</u>

3166 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റുമാരുടെ ജോബ് ചാർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ആയത് പ്രകാരമാണോ നിലവിൽ കൃഷി അസിസ്റ്റന്റുമാരുടെ ജോബ് ക്രമീകരിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇത് ഇംപ്ലിമെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ജോബ് ചാർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>അഗ്രികള്‍ച്ചറല്‍ ഫീല്‍ഡ് ഓഫീസര്‍മാരുടെ ഒഴിവുകള്‍</u>

3167 ശ്രീ. ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷി വകുപ്പില്‍ അഗ്രിക്കള്‍ച്ചറല്‍ ഫീല്‍ഡ് ഓഫീസര്‍മാരുടെ എത്ര തസ്തിക നിലവിലുണ്ട്; ഈ തസ്തികയില്‍ എല്ലാം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഏതൊക്കെ തസ്തികകള്‍ ഒഴിവായി കിടക്കുന്നുവെന്ന് അറിയിക്കുമോ;

(ബി) ഒഴിവായി കിടക്കുന്ന തസ്തികകളില്‍ നിയമനം നടത്തുവാന്‍ നടപടി സ്വീകരിക്കുമോ;

(സി) അഗ്രിക്കള്‍ച്ചറല്‍ ഫീല്‍ഡ് ഓഫീസര്‍മാരെ അവസാനമായി നിയമിച്ചത് എന്നാണ്; എത്ര ജീവനക്കാരെ നിയമിച്ചുവെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത തസ്തികയില്‍ തുടര്‍ന്നു വരുന്ന ഒഴിവുകളില്‍ നിയമിക്കുവാന്‍ അര്‍ഹതയുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കില്‍ എത്ര പേര്‍ ഉണ്ടെന്നും പ്രസ്തുത ജീവനക്കാര്‍ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കേരഫെഡിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ</u>

3168 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരഫെഡിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ അവസാനമായി പരിഷ്കരിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(ബി) 2010-ന് ശേഷം ഏതെല്ലാം തസ്തികകളിലുള്ളവർക്കാണ് പ്രെമോഷൻ ലഭിച്ചിട്ടുള്ളത്; പത്തു വർഷത്തിലധികമായി പ്രവർത്തിക്കുന്ന പ്ലാന്റ് വർക്കർമാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ;

(സി) പ്രൊമോഷൻ വഴിയുള്ള ആനുകൂല്യങ്ങൾ എല്ലാ വിഭാഗത്തിലുള്ള ജീവനക്കാർക്കും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

റീ - ഇമ്പേഴ്സ്മെന്റ് അപേക്ഷയിന്മേൽ നടപടി

3169 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിലെ എൽ.ഡി.ക്ലാർക്ക് ശ്രീമതി പ്രീതി.പി. പിള്ള മകന്റെ ചികിത്സാ ചെലവ് തുക റീ-ഇമ്പേഴ്സ് ചെയ്ത് ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ നാളിതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കൃഷി ഡിപ്പാർട്ട്മെന്റിൽ നിന്നും പഞ്ചായത്തിലേക്ക് ഡിപ്ലോയ് ചെയ്തിട്ടുള്ള പ്രസ്തുത അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കൃഷിവകുപ്പ് ഡയറക്ടറുടെ 30.7.12 ലെ എഎ11(3)/30633/09 നമ്പർ കത്തിന്മേൽ കൃഷിവകുപ്പ് സെക്രട്ടറി എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ചേലക്കര, പഴയന്നൂർ കൃഷിഫാമുകളുടെ വിസ്തീർണ്ണം</u>

3170 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചേലക്കര, പഴയന്നൂർ കൃഷിഫാമുകളിൽ നിലവിലുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്ന് പറയാമോ ;

(ബി) ഇതിൽ ഓരോ കൃഷിഫാമിലും നിലവിലുള്ള കൃഷിയുടെയും തരിശായിക്കിടക്കുന്ന ഭൂമിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിൽ ഓരോ കൃഷി ഫാമിലും നിലവിൽ എത്ര ഫാം തൊഴിലാളികളും മറ്റ് സ്ഥിരം ജീവനക്കാരുമുണ്ടെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആർ.കെ.വി.വൈ പദ്ധതികൾ</u>

3171 ശ്രീ.ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഏലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിലേക്കായി ആർ.കെ.വി.വൈ പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഏലകളുടെ വികസനത്തിന് എത്ര രൂപയുടെ ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആവശ്യത്തിന്മേൽ ബന്ധപ്പെട്ടവർ അനുകൂല നടപടി സ്വീകരിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അനുകൂല നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>തൃശൂർ ജില്ലയിലെ കോൾ കർഷകരുടെ പ്രശ്നം</u>

3172

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ കോൾ കർഷകരുമായി 07.12.2011 ന് മുഖ്യമന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെ എന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാകാതിരുന്നതിനെ തുടർന്ന് കർഷകർ ആരംഭിച്ച സമരം ഒത്തുതീർപ്പിലാക്കുന്നതിന്റെ ഭാഗമായി 22.10.2012 ന് ചേർന്ന മന്ത്രിസഭായോഗം എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടത് ; അവയിൽ ഇതിനകം നടപ്പിലാക്കിയവ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(സി) കോൾ മേഖലയിലെ ബണ്ട് നിർമ്മാണത്തിനുവേണ്ടി കെ. എൽ. ഡി. സി. ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരത്തുക കർഷകർക്ക് നൽകുന്നതിന് ആവശ്യമായ 2 കോടി രൂപ അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അനുവദിക്കുമോ ; എന്നാണ് തുക വിതരണം ചെയ്യുവാൻ സാധിക്കുകയെന്ന് വ്യക്തമാക്കുമോ ;

(ഡി) രാജമുട്ട് കോൾ പടവിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന നടപടി എന്തായെന്ന് വിശദീകരിക്കാമോ ; ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ മതിയായ തുക അനുവദിക്കുമോ ; എത്ര സമയത്തിനുള്ളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കൃഷി ഭവനുകൾ കേന്ദ്രീകരിച്ചുള്ള വികസന പദ്ധതികൾ</u>

3173 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കൃഷി ഭവനുകൾ കേന്ദ്രീകരിച്ചുള്ള വികസന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) അവയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ ;

(സി) കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾക്ക് പുറമേ ഓരോ പ്രദേശത്തെയും തനതായ കാർഷിക രീതികൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ എന്തെങ്കിലും ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>'നിറവ്' പദ്ധതി</u>

3174 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ 'നിറവ്' പദ്ധതി നടത്തിപ്പിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) നടപ്പുവർഷം മണ്ഡലത്തിലെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം പദ്ധതിക്കായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കൃഷിവകുപ്പിന്റെ ഭൂമി പതിച്ചു നൽകൽ</u>

3175 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് ഹൈവേയിൽ കൃഷിവകുപ്പിന്റെ അധീനതയിലുള്ള 2 ഏക്കർ ഭൂമി പതിച്ചു നൽകാൻ മന്ത്രിസഭ തീരുമാനത്തെ തുടർന്ന് മാസങ്ങൾക്കു മുമ്പേ ഉത്തരവായിട്ടും സ്ഥലം അളന്നുകൊടുക്കാൻ താമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>വരള്‍ച്ചാ നഷ്ടം</u>

3176 ശ്രീ. കെ.അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ വര്‍ഷത്തെ വരള്‍ച്ചയില്‍ വൈക്കം നിയോജകമണ്ഡലത്തില്‍ കാര്‍ഷികരംഗത്ത് എത്ര നഷ്ടമുണ്ടായിട്ടുണ്ടെന്ന് പഞ്ചായത്ത് തലത്തിലുള്ള കണക്കുകള്‍ ലഭ്യമാക്കുമോ;

(ബി) കാര്‍ഷിക രംഗത്തുണ്ടായ നഷ്ടം ഏതൊക്കെ മേഖലകളിലെന്ന് വ്യക്തമാക്കുമോ;

(സി) കൃഷിക്കാര്‍ക്ക് എന്ത് ആശ്വാസനടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളത് എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

മണ്ണ് സംരക്ഷണ പരിപാടി

3177 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മണ്ണ് സംരക്ഷണ പരിപാടികൾക്കായി 2012-13-ലെ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയ 369.08 ലക്ഷം രൂപായിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ബജറ്റിൽ ഉൾപ്പെടുത്തിയ തുകയ്ക്ക് എന്തെല്ലാം പരിപാടികളാണ് നിർദ്ദേശിക്കപ്പെട്ടത്; അതിൽ എന്തെല്ലാം പരിപാടികൾ ഈ വർഷം പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>സോയിൽ സർവ്വെ / സോയിൽ കൺസർവേഷൻ വകുപ്പുകളുടെ പ്രവർത്തനങ്ങൾ</u>

3178 ശ്രീ.പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ട ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ സോയിൽസർവ്വെ, സോയിൽ കൺസർവേഷൻ എന്നീ വകുപ്പുകൾ വഴി 2010-11, 2011-12,2012-13 സാമ്പത്തിക വർഷങ്ങളിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്നും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതും ഇനിയും നടത്തുവാൻ ശുപാർശ ചെയ്തിട്ടുള്ളതുമായ നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തികൾ ഏതൊക്കെ ഏജൻസികൾ മുഖേനയാണ് പ്രാവർത്തികമാക്കുന്നത് എന്നും ആയവയുടെ പേര് വിവരങ്ങൾ ടെലിഫോൺ നമ്പർ സഹിതം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>

3179 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) 2007 ഏപ്രിൽ മുതൽ 2013 ഫെബ്രുവരി വരെ പ്രസ്തുത കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തിയ പദ്ധതികളുടെ വിശദവിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) നിലവിൽ ഏതെല്ലാം പദ്ധതികളാണ് കെ. എൽ. ഡി. സി-യെ ഏൽപ്പിച്ചിട്ടുളളത് എന്ന് വ്യക്തമാക്കുമോ;

(ഡി) 2012-13, 2011-12 വർഷങ്ങളിൽ കെ. എൽ. ഡി. സി-ക്ക് നൽകിയ ബജറ്റ് വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കെ.എൽ.ഡി.സി കോഴിക്കോട് ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള പ്രവർത്തികൾ</u>

3180 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി.സി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പ്രവർത്തികളാണ് ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ആവളപാണ്ടി നെൽകൃഷിവികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും എപ്പോൾ പ്രവൃത്തി പൂർത്തീകരിക്കും എന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ കാലതാമസത്തിന് കാരണം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ക്ഷീരധാര പദ്ധതി</u>

3181 ശ്രീ.പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരധാര പദ്ധതിയുടെ നടത്തിപ്പ് വിജയകരമായിരുന്നോ; ഒന്നാംഘട്ടമായി ഇത് ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയത്;

(ബി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ അത്യുൽപാദനശേഷിയുള്ള എത്ര വിത്തുകാളകളെ ലഭ്യമാക്കിയെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ പ്രക്രിയ ക്ഷീരധാര പദ്ധതിയുടെ വിജയത്തിന് എത്രത്തോളം സഹായകരമായി; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

ഗോസുരക്ഷാ പദ്ധതി

3182

ശ്രീ. ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗോസുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്;

(ഡി) എന്തെല്ലാം സഹായങ്ങളാണ് മൃഗസംരക്ഷണത്തിനായി പ്രസ്തുത പദ്ധതി അനുസരിച്ച് നൽകി വരുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസേർമിനേഷൻ സെന്ററുകൾ

3183

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസേർമിനേഷൻ സെന്ററുകൾ ഉണ്ട്; പേര് വിവരം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെന്ററുകളിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; കാറ്റഗറി തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) പ്രസ്തുത സെന്ററുകൾക്ക് കീഴിൽ എത്ര ഐ. സി. ഡി. പി. സബ്സെന്ററുകൾ ഉണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാ
ക്കുമോ;

(ഡി) റീജിയണൽ എ- ഐ സെന്ററുകൾ നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്; വിശദമാക്കാമോ;

(ഇ) ആർ. എ. ഐ. സി. കൾക്ക് കീഴിൽ പ്രവർത്തിക്കുന്ന ഐ. സി. ഡി. എസ് സബ്സെന്ററുകളുടെ പ്രവർത്തനം പഞ്ചായത്തുകളിലെ വെറ്ററിനറി ഡിസ്പെൻസറി/വെറ്റിനറി ഹോസ്പിറ്റലുകളുടെ കീഴിൽ കൊണ്ടുവരുമ്പോൾ എന്തൊക്കെ നേട്ടങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>മൾട്ടി സ്പെഷ്യാലിറ്റി മൊബൈൽ വെറ്ററിനറി ക്ലിനിക്ക്, എമർജൻസി വെറ്ററിനറി കെയർ സർവ്വീസുകളുടെ വിശദാംശം</u>

3184 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൾട്ടി സ്പെഷ്യാലിറ്റി മൊബൈൽ വെറ്ററിനറി ക്ലിനിക്ക് എമർജൻസി വെറ്ററിനറി കെയർ സർവ്വീസ് എന്നീ യൂണിറ്റുകൾ ഈ സാമ്പത്തിക വർഷം എത്രയെണ്ണം ആരംഭിച്ചു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 2012-13 ലെ ബജറ്റിൽ വകയിരുത്തിയ 25 കോടിയിൽ എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

## കോഴിയിറച്ചി ക്ഷാമം

T 3185 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിമാസം ആവശ്യമായ കോഴിയിറച്ചിയുടെ അളവ് എത്ര;

(ബി) ആയതിൽ എത്ര അളവ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്; ബാക്കി ഏതെല്ലാം സംസ്ഥാനത്തു നിന്നും എത്രവീതം ലഭ്യമാക്കുന്നുണ്ട്;

(സി) സംസ്ഥാനത്ത് കോഴിയിറച്ചിക്ക് ക്ഷാമം അനുഭവപ്പെടാറുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കോഴിതീറ്റ ഫാക്ടറികളും ഹാച്ചറി യൂണിറ്റുകളും ആരംഭിക്കുന്നതിന് നടപടി</u>

3186

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിയിറച്ചിക്ക് അടുത്ത കാലത്തുണ്ടായ വിലക്കയറ്റത്തെ കുറിച്ചും കൃത്രിമ ക്ഷാമത്തെക്കുറിച്ചും വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(സി) കോഴിതീറ്റ ഉല്പാദനത്തിലും ഹാച്ചറികളിലും അന്യസംസ്ഥാനങ്ങൾക്കുള്ള മേൽകോയ്മ അവസാനിപ്പിക്കാൻ സർക്കാർ നേരിട്ടോ സഹകരണ മേഖലയിലോ കോഴിതീറ്റ ഫാക്ടറികളും ഹാച്ചറി യൂണിറ്റുകളും ആരംഭിക്കുമോ;

(ഡി) സാമ്പത്തിക പ്രയാസം മൂലം അടച്ചുപൂട്ടിയ കോഴിഫാമുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ സഹായം നൽകുമോ;

(ഇ) കേരളത്തിൽ വിൽക്കപ്പെടുന്ന കോഴിയുടെ വില നിശ്ചയിക്കുന്നതിൽ ഗവൺമെന്റ് സമയബന്ധിതമായി ഇടപെടുമോ;

(എഫ്) സംസ്ഥാനത്ത് മറ്റ് വളർത്തുമൃഗങ്ങളുടെ സംരക്ഷണത്തിനും ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനത്തിനും നൽകി വരുന്ന സാമ്പത്തിക സഹായങ്ങളും പ്രോത്സാഹനങ്ങളും കോഴി കർഷകർക്ക് കൂടി നൽകുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

‘ഗാർഹിക കോഴി വളർത്തൽ വികസന പദ്ധതി’

3187 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ‘ഗാർഹിക കോഴി വളർത്തൽ വികസന പദ്ധതി’ക്കായി 2012-13 ലെ ബജറ്റിൽ വകയിരുത്തിയ 10.42 കോടി രൂപയിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ഗ്രാമങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കിയത്; ഇതിനായി എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ബ്ലോക്ക് പഞ്ചായത്തുകളിൽ പോളിക്ലിനിക്ക്</u>

3188 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോളിക്ലിനിക്കുകളില്ലാത്ത ബ്ലോക്ക് പഞ്ചായത്തുകളിൽ പോളി ക്ലിനിക്ക് അനുവദിക്കുന്നത് പരിഗണിക്കുമോ;

(ബി) ആടുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ദരിദ്ര കുടുംബങ്ങൾക്കും വനിതാ സംഘങ്ങൾക്കും സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത് പരിഗണിക്കാമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കൽപ്പറ്റ നിയോജക മണ്ഡലത്തിലെ നടവയൽ പ്രദേശത്ത് മൃഗാശുപത്രി</u>

3189

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ നടവയൽ പ്രദേശത്ത് മൃഗാശുപത്രി ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) നടവയൽ പ്രദേശത്ത് മൃഗാശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കന്നുകാലി സെൻസസിലെ എന്യൂമറേറ്റർമാരുടെ വേതനം</u>

3190 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ൽ നടന്ന കന്നുകാലി സെൻസസിലെ എന്യൂമറേറ്റർമാരുടെ വേതനം അഞ്ചുവർഷങ്ങൾക്കു മുൻപ് നിശ്ചയിച്ചതാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെൻസസ് നടന്ന് മാസങ്ങൾ കഴിഞ്ഞിട്ടും വേതനം പൂർണ്ണമായും നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വേതനം പുനർനിർണ്ണയിക്കുന്നതിനും സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് - II തസ്തികയിലെ ഒഴിവുകൾ

3191 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) നിലവിലുള്ള ഒഴിവുകൾ മുഴുവൻ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>വെറ്ററിനറി സര്‍വ്വകലാശാലാ രൂപീകരണം</u>

3192 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, റ്റി. എ. അഹമ്മദ് കബീര്‍
,, പി. കെ. ബഷീര്‍
,, എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക സര്‍വ്വകലാശാലയില്‍ നിന്നും വെറ്ററിനറി സര്‍വ്വകലാശാല വേര്‍പെടുത്തി പ്രത്യേക സര്‍വ്വകലാശാല രൂപീകരിച്ചശേഷം വെറ്ററിനറി പഠന നിലവാരത്തിലും, ഗവേഷണ പ്രവര്‍ത്തനങ്ങളിലും ഉണ്ടായ ഗുണപരമായ മാറ്റം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കില്‍ വിശദ വിവരം നല്‍കാമോ;

(സി) വെറ്ററിനറി സര്‍വ്വകലാശാലാ രൂപീകരണത്തെത്തുടര്‍ന്ന് കാര്‍ഷിക സര്‍വ്വകലാശാലയുടെ ഘടനയിലും പ്രവര്‍ത്തനത്തിലും എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; പ്രവര്‍ത്തന മേഖലയിലുണ്ടായ മാറ്റത്തിനനുസരിച്ച് ഇനിയും എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>പുതിയ ഗവണ്‍മെന്റ് പ്രസ്സുകള്‍</u>

3193 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പുതുതായി സര്‍ക്കാര്‍ പ്രസ്സുകള്‍ സ്ഥാപിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ എവിടെയെല്ലാം; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സര്‍ക്കാര്‍ പ്രസ്സുകള്‍ നിലവിലില്ലാത്ത ജില്ലകളില്‍ സര്‍ക്കാര്‍ പ്രസ്സുകള്‍ സ്ഥാപിക്കുമോ; എങ്കില്‍ പ്രഥമ പരിഗണന എവിടെയൊക്കെയാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>പ്രസ്സ് മാനുവൽ പരിഷ്കരണം</u>

3194 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ പ്രസ്സ് മാനുവൽ പരിഷ്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഗവൺമെന്റ് പ്രസ്സിൽ 2011-12 ലെ ബജറ്റ് വിഹിതം ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ കേരള ഗസറ്റ് വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>പ്രസ്സ് മാനുവൽ പരിഷ്ക്കരണം</u>

3195 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ പ്രസ്സ് മാനുവൽ പരിഷ്ക്കരിക്കുവാൻ ഉത്തരവായിട്ടുണ്ടോ; അതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്ന് ആരംഭിക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ;

(സി) പ്രസ്സുകളിൽ ഡെക്കറിങ്, നമ്പറിങ് മെഷീനുകൾ നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതുപയോഗിച്ച് എന്ത് ജോലികളാണ് ചെയ്യുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കേരളാഗസറ്റ് പ്രസിദ്ധീകരിക്കുന്നതിന്റെ വിശദാംശം</u>

3196 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ കേരളാ ഗസറ്റ് പ്രസിദ്ധീകരിക്കുന്നതിന്റെ ചുമതല ആർക്കാണ്; വ്യക്തമാക്കുമോ;

(ബി) കേരളാഗസറ്റിന് ഒരു കോപ്പിയുടെ വില എത്രയാണെന്ന് അറിയിക്കുമോ;

(സി) 2012 ജനുവരി മുതൽ ഡിസംബർ വരെയുള്ള കേരളാ ഗസറ്റ് അച്ചടിക്കുവാൻ എത്ര തുക ചിലവായി; വ്യക്തമാക്കുമോ;

(ഡി) 2012 ജനുവരി മുതലുള്ള കേരളാഗസറ്റ് വിതരണം നടത്താതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

പാഠപുസ്തകങ്ങളുടെ അച്ചടി

3197

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സുകളിൽ അച്ചടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം പാഠപുസ്തകങ്ങൾ എത്ര കോപ്പികൾ വീതം അച്ചടിച്ചിട്ടുണ്ട്; അറിയിക്കുമോ;

(ബി) വിവിധ സർക്കാർ പ്രസ്സുകളിൽ സ്ഥാപിച്ചിട്ടുള്ള വെബ് ഓഫ്സെറ്റ് മെഷീനുകളിൽ പാഠപുസ്തകങ്ങളുടെ അച്ചടി ജോലികൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>സർക്കാർ പ്രസ്സുകളിൽ ലോട്ടറി ടിക്കറ്റുകളുടെ അച്ചടി</u>

3198

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടത്തുന്ന ഭാഗ്യക്കുറികളുടെ ടിക്കറ്റുകൾ സർക്കാർ പ്രസ്സുകളിൽ അച്ചടിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ;

(ബി) സർക്കാർ പ്രസ്സുകളിൽ ലോട്ടറി ടിക്കറ്റുകൾ അച്ചടിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ നിലവിലുണ്ടോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>സർക്കാർ പ്രസ്സിൽ സർക്കാർ ഡയറിയുടേയും കലണ്ടറിന്റേയും വിതരണം</u>

3199 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സിൽ 2013-ലെ സർക്കാർ ഡയറിയുടേയും കലണ്ടറിന്റേയും വിതരണചുമതല ആർക്കായിരുന്നു; ജനറൽ ഡസ്പാച്ച് സെക്ഷനിൽ ആയവയുടെ വിതരണ ചുമതല നിർവ്വഹിച്ചത് ആരാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെക്ഷൻ ചുമതലക്കാരൻ അല്ലാതെ മറ്റാരെങ്കിലും 2013 ലെ ഡയറി, കലണ്ടർ, ദിനസ്മരണ എന്നിവ വിതരണം ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് ആർക്കൊക്കെ; എത്ര എണ്ണം വീതം വിതരണം ചെയ്തു; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിതരണം നിർവ്വഹിച്ച ഉദ്യോഗസ്ഥന്റെ തസ്തിക, പേര്, പ്രസ്തുത ഉദ്യോഗസ്ഥന് ഈ ചുമതല നൽകിയ ഉദ്യോഗസ്ഥൻ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത വിതരണം നിർവ്വഹിച്ച ഉദ്യോഗസ്ഥൻ സർക്കാർ ചെലവിൽ ഡി.ടി.പി ട്രെയിനിംഗ് നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ എന്തുകൊണ്ട് പ്രസ്തുത ഉദ്യോഗസ്ഥൻ ഡി.ടി.പി സെക്ഷനിൽ ജോലി ചെയ്യുന്നില്ല എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

ഗവൺമെന്റ് പ്രസ്സുകളിലെ ജീവനക്കാർക്ക് ഓവർടൈം അലവൻസ് കുടിശ്ശിക

3200

ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഓവർടൈം അലവൻസ് കുടിശ്ശിക ഉണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം മുതൽക്കാണ് നൽകുവാനുളളത്;

(ബി) ഓവർടൈം അലവൻസ് കുടിശ്ശിക നൽകുവാൻ എത്ര തുക വേണ്ടി വരും; വ്യക്തമാക്കുമോ;

(സി) കുടിശ്ശിക ഓവർടൈം അലവൻസ് എന്ന് നൽകുവാൻ സാധിക്കും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>അച്ചടിവകുപ്പുഡയറക്ടറുടെ ചേമ്പറിൽ നടന്ന ഘെരാവോ</u>

3201 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി 17-ാം തീയതി അച്ചടി വകുപ്പ് ഡയറക്ടർ, ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരെ വൈകുന്നേരം 3.30 മുതൽ 6.30 വരെ ചിലർ അച്ചടി വകുപ്പു ഡയറക്ടറുടെ ചേമ്പറിൽ ഘെരാവോ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതി, എടുത്ത കേസുകൾ പ്രസ്തുത കേസിലെ പ്രതികൾ, അവരുടെ തസ്തിക ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ, അവർക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടികൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>മണ്ണന്തല ഗവൺമെന്റ് പ്രസ്സ് കോമ്പൗണ്ടിലെ മരങ്ങൾ മുറിച്ചു മാറ്റിയതിനെതിരെ അന്വേഷണം</u>

3202 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സ് കോമ്പൗണ്ടിൽ നിന്ന് പാഴ്മരങ്ങളും സമീപപ്രദേശത്തെ വീടുകൾക്കു ഭീഷണിയുള്ള ചില മരങ്ങളുടെ ശിഖരങ്ങളും മുറിച്ചു മാറ്റുവാൻ ഫോറസ്റ്റ് കൺസർവേറ്റർ നൽകിയ അനുമതിയുടെ മറവിൽ വൻമരങ്ങൾ മുറിച്ചു കടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോമ്പൗണ്ടിൽ നിന്ന് ഏതെല്ലാം മരങ്ങളും ശിഖരങ്ങളുമാണ് മുറിച്ചു മാറ്റാൻ ഫോറസ്റ്റ് കൺസർവേറ്റർ അനുമതി നൽകിയത്; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രസ്സിന്റെ ഡെപ്യൂട്ടി സൂപ്രണ്ടിന്റെ നിയമാനുസൃത അനുമതി ഇല്ലാതെ മരങ്ങൾ മുറിച്ചു കടത്തി എന്ന മാദ്ധ്യമ വാർത്ത പുറത്തുവന്നിട്ടും ആയതിന്മേൽ അന്വേഷണം നടത്താനോ നടപടി സ്വീകരിക്കാനോ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?